<u>പതിമൂന്നാം കേരള നിയമ സഭ</u>

<u>പന്ത്രണ്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 41            01 -12- 2014-ൽ മറുപടിക്ക്

## സെക്രട്ടറിയേറ്റിലെ ഇ-ഓഫീസ് സംവിധാനം

ചോദ്യം

ശ്രീ. എം. ഉമ്മർ

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി

( മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടറിയേറ്റിൽ നടപ്പിലാക്കിയ ഇ-ഓഫീസ് സംവിധാനത്തിലെ ന്യൂനതകൾ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്.<br>ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ തേടുകയും അവയ്ക്ക് മുൻഗണന നൽകുകയും ചെയ്തിട്ടുണ്ട്. അവയിൽ പ്രധാന്യമുള്ള ചിലത് ചുവടെ പറഞ്ഞിരിക്കുന്നു:<br>1. മലയാളം ലിപി പകർത്തുന്നതിലുള്ള ബുദ്ധിമുട്ട്.<br>2. കുറിപ്പുകൾ എഡിറ്റ് ചെയ്യുമ്പോൾ ഡ്രാഫ്റ്റുകൾ കാണാൻ കഴിയുന്ന സംവിധാനം.<br>3. ടെക്സ്റ്റ് എഡിറ്ററിലുള്ള അലൈൻമെന്റ് പ്രശ്നങ്ങൾ കൂടുതൽ ടെക്സ്റ്റ് എഡിറ്റിംഗ് സംവിധാനങ്ങൾ ഉൾപ്പെടുത്തണം.<br>4. എല്ലാ ഓഫീസർമാർക്കും തപാൽ ട്രാക്കിംഗ് സംവിധാനം.<br>5. ഓഫീസർമാർക്ക് ടെമ്പ്ലേറ്റുകൾ നിർമ്മിക്കാനുള്ള സൗകര്യം.<br>6. ഫയലുകൾ അയക്കുവാനായി ഓഫീസർമാരുടെ പദവി ടി.ഓ. ലിസ്റ്റിൽ ഉൾപ്പെടുത്തണം.<br>ഡൽഹിയിൽ നിന്നുള്ള എൻ.ഐ.സി ടീമുമായി ഒന്നിലധികം മീറ്റിങ്ങുകൾ നടത്തുകയും തുടർന്നു വളരെ പ്രധാന്യമുള്ള പ്രശ്നങ്ങൾ സോഫ്റ്റ് വെയറിന്റെ തുടർ വേർഷനുകളിൽ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സംവിധാനത്തിൽ ഫയലുകളുടെ നീക്കങ്ങൾ ജനങ്ങൾക്ക് നേരിട്ട് മനസ്സിലാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ; | (ബി) | പൊതുജനങ്ങൾക്ക് ഫയലുകൾ ട്രാക്ക് ചെയ്യുന്നതിന് ഇ-ഓഫീസിന്റെ സിറ്റിസൺ ഇന്റർഫേസ് ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഫയലുകൾ സെർച്ച് ചെയ്യുവാനുള്ള സൗകര്യവും ഫയലിന്റെ പുരോഗതി അറിയുവാൻ ആവശ്യമായ വിവരങ്ങളും ഈ ഇന്റർഫേസ് നൽകുന്നു. |
| (സി) | പ്രസ്തുത സംവിധാനം ഹാക്കിംഗ് പോലുള്ള പ്രശ്നങ്ങളിൽ നിന്നും പൂർണ്ണമായും സംരക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കാമോ ? | (സി) | സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം, എൻ.ഐ.സി. യിൽ 02/01/2014-ൽ സെക്യൂരിറ്റി ഓഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതു കൂടാതെ ഇ-ഓഫീസ് KSWAN നെറ്റ് വർക്കിൽ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇന്റർനെറ്റിൽ ലഭ്യമല്ല. ഓഫീസിന്റെ പുറത്ത് നിന്നോ വീടുകളിൽ നിന്നോ ഇ-ഓഫീസ് ഉപയോഗിക്കേണ്ട ഉദ്യോഗസ്ഥർക്ക് വിർച്ച്വൽ പ്രൈവറ്റ് നെറ്റ് വർക്ക് (VPN) വഴി ഇന്റർനെറ്റിലൂടെ സുരക്ഷിതമായി ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ